


# ‘അടിമകളല്ല നാം സഹോദരങ്ങളാണ്’

### നവഅടിമത്വമായ മനുഷ്യക്കടത്തിനെതിരെ
### പാപ്പാ ഫ്രാൻസിസിന്റെ സന്ദേശം - രണ്ടാം ഭാഗം



**ആമുഖം**

ലോകത്തുള്ള സകല ജനതകൾക്കും രാഷ്ട്രങ്ങൾക്കും അവയുടെ ഭരണകർത്താക്കൾക്കും മതനേതാക്കൾക്കും ഹൃദ്യമായ സമാധാനാശംസകൾ! ഭൂമിയിൽ മനുഷ്യൻ സ്വമേധയാ കാരണമാക്കുന്ന യുദ്ധവും അഭ്യന്തരകലാപവും മറ്റ് പീഡനങ്ങളും, പകർച്ചവ്യാധി, പ്രകൃതിക്ഷോഭം മുതലായ വിനാശങ്ങൾക്കുമെല്ലാം അറുതി വരട്ടെയെന്നും പ്രാർത്ഥിക്കുന്നു. ദൈവത്തോടു സഹകരിച്ച് മാനവരാശിയുടെ സമഗ്രമായ പുരോഗതിക്കും സമാധാനത്തിനുംവേണ്ടി പരിശ്രമിക്കണമെന്ന പൊതുവായ ഉത്തരവാദിത്വത്തോടെ മനുഷ്യാന്തസ്സിന് നിരക്കാത്ത പ്രവർത്തനങ്ങളെയും പ്രലോഭനങ്ങളെയും ചെറുക്കണമെന്നാണ് സന്മനസ്സുള്ള സകലരോടും ഞാൻ അഭ്യർത്ഥിക്കുന്നത്. അപരനെ ശത്രുവും എതിരാളിയുമായി കാണാതെ, സകലരെയും സഹോദരതുല്യേന ആശ്ലേഷിക്കുകയും സ്വീകരിക്കുകയും, കൂട്ടായ്മ വളർത്തുകയും ചെയ്യുന്ന അർത്ഥപൂർണ്ണമായ ജീവിതത്തിനായി പരിശ്രമിക്കണമെന്നാണ് കഴിഞ്ഞ വിശ്വശാന്തി സന്ദേശത്തിൽ ഞാൻ പങ്കുവച്ചത്.

നീതിയിലും സ്നേഹത്തിലും പ്രചോദിതനായി പരസ്പര ബന്ധങ്ങളിൽ സായുജ്യം കണ്ടെത്തുന്ന ബുദ്ധിജീവിയാണ് മനുഷ്യൻ. അതിനാൽ അന്തസ്സും, സ്വാതന്ത്ര്യവും, സുതാര്യതയും മാനവപുരോഗതിക്ക് അനിവാര്യമാണ്. എന്നാൽ മനുഷ്യൻ മനുഷ്യനെ ചൂഷണംചെയ്യുന്ന ഇന്നിന്റെ വർദ്ധിച്ചുവരുന്ന വലിയ വിപത്ത്, നീതിയിലും സ്നേഹത്തിലും അധിഷ്ഠിതമായ വ്യക്തിബന്ധവും സാമൂഹിക ഐക്യവും വളർത്തുവാനുള്ള മനുഷ്യന്റെ അടിസ്ഥാന ദൗത്യത്തെ ദയനീയമായി തകർക്കുന്നുണ്ട്. മറ്റുള്ളവരുടെ മൗലികമായ അവകാശങ്ങളോടുള്ള അവജ്ഞയും, അവരുടെ സ്വാതന്ത്ര്യവും അന്തസ്സും അടിച്ചമർത്തുവാനുള്ള പ്രവണതയും ഇന്ന് ലോകത്ത് വിവിധ രൂപങ്ങൾ കൈവരിക്കുന്നുണ്ട്. ഇക്കാര്യങ്ങളെക്കുറിച്ച് എല്ലാവരോടും പങ്കുവയ്ക്കണമെന്നും, അതുവഴി ദൈവവചനത്തിന്റെ വെളിച്ചത്തിൽ എല്ലാ സ്ത്രീ പുരുഷന്മാരെയും ഇനിമുതൽ 'അടിമകളായിട്ടല്ല, സഹോദരങ്ങളായി' പരിഗണിക്കണമെന്നുമാണ് ചുരുക്കത്തിൽ ഞാൻ അഭ്യർത്ഥിക്കുന്നത്.



The oppression of children continues

ആദ്യത്തെ 4 ഖണ്ഡങ്ങൾ കഴിഞ്ഞ ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ചതാണ്

## 5. അടിമത്വം ഇല്ലാതാക്കുവാനുള്ള കൂട്ടുത്തരവാദിത്വം




Kamala Harris – California Attroney General on Domestic human trafficing

മനുഷ്യക്കടത്തും നിയമാനുസൃതമല്ലാത്ത കുടിയേറ്റവും അധികൃതവും അനധികൃതവുമായ അടിമത്വവും തലപൊക്കുന്നത് പൊതുവായ നിസംഗഭാവത്തിൽ നിന്നുമാണെന്ന് ഖേദപൂർവ്വം സമ്മതിക്കേണ്ടിയിരിക്കുന്നു. അത് ഒട്ടുമിക്കവാറും സത്യവുമാണ്. എന്നാൽ മനുഷ്യക്കടത്തിന് ഇരയാകുന്നവരെ പിൻതുണയ്ക്കുവാൻ ചില സന്ന്യാസസഭകൾ, വിശിഷ്യാ സ്ത്രീകളുടെ സ്ഥാപനങ്ങൾ ഏറെ നിശ്ശബ്ദമായ, എന്നാൽ ആത്മാർത്ഥമായ പിൻതുണ നല്കുന്നുണ്ടെന്ന സത്യം എടുത്തുപറയട്ടെ. സമൂഹത്തിൽ ഒളിപ്പിച്ചിരിക്കുന്നതും അദൃശ്യവുമായ മനുഷ്യക്കടത്തിന്റെ ചങ്ങല ഭേദിക്കുവാനുള്ള ഈ സ്ഥാപനങ്ങളുടെ പരിശ്രമങ്ങൾ പലപ്പോഴും അരങ്ങേറുന്നത് ഭീതിദമായ സാഹചര്യങ്ങളിലും സംഘട്ടനങ്ങളുടെ മദ്ധ്യത്തിലുമാണ്.



Children trapped into serious crimes

ചൂഷകരെ പൂർണ്ണമായും ആശ്രയിക്കത്തക്ക വിധത്തിലുള്ള മനഃശ്ശാസ്ത്രപരവും ബുദ്ധിപൂർവ്വകവുമായ കുതന്ത്രങ്ങൾ ഒളിപ്പിച്ചിട്ടുള്ളവയാണ് മനുഷ്യക്കടത്തിന്റെ ആഗോളശൃംഖല. ഇരയാക്കപ്പെടുന്ന വ്യക്തികൾക്കും അവരുടെ സ്വന്തക്കാർക്കും എതിരായ ഭീഷണി, അവരുടെ മേൽ ചുമത്തുന്ന സമ്മർദ്ദം എന്നിവയ്ക്കു പുറമെ, തിരിച്ചറിയൽ രേഖകളുടെ കവർന്നെടുക്കൽ, ശാരീരിക പീഡനം എന്നിവയും മനുഷ്യക്കടത്തുമായി ബന്ധപ്പെട്ടതും ഇന്ന് ഈ മേഖലയിൽ നിലനില്ക്കുന്നതുമായ അതിക്രമങ്ങളാണ്. ഇരകളായവർക്കുള്ള പൊതുവായ സഹായം, അവരുടെ മാനിസകവും വിദ്യാഭ്യാസപരവുമായ പുനഃരധിവാസം, അവർ ആയിരുന്നതും അവർക്ക് നഷ്ടമായതുമായ സാമൂഹ്യചുറ്റുപാടിലേയ്ക്കുള്ള തിരിച്ചുവരവ് എന്നിങ്ങനെ മനുഷ്യക്കടത്തിന്റെ മൂന്നു തലങ്ങളിലാണ് അധികവും സന്ന്യസ്തർ പ്രവർത്തിക്കുന്നത്.


Migrants transferred from place to place by immigration departments

## 6. കൈക്കൊള്ളാവുന്ന കരുതലുകൾ

മനുഷ്യക്കടത്തിൽ വ്യക്തി ഏൽക്കുന്ന ചൂഷണത്തിന്റെ മുറിവ് പൂർണ്ണമായും ഇല്ലാതാക്കുക ക്ലേശകരമാണ്. മനുഷ്യക്കടത്ത് നിരോധിക്കുക, ഇരകളായവരെ സംരക്ഷിക്കുക, അതിക്രമികളെ നിയമപരമായി ശിക്ഷിക്കുക – എന്നിങ്ങനെയുള്ള ത്രിവിധ സമർപ്പണം ഉത്തരവാദിത്വപ്പെട്ട സ്ഥാപനങ്ങളിൽനിന്നും ആവശ്യമാണ്. തല്പര കക്ഷികൾ വിരിക്കുന്ന മനുഷ്യക്കെണിയുടെ ആഗോള ശൃംഖല തകർക്കണമെങ്കിൽ രാജ്യാന്തര തലത്തിൽ സംരക്ഷണ വലയത്തിന്റെ തത്തുല്യമായ നീക്കങ്ങൾ അനിവാര്യമാണ്. ലോകത്ത് ഇന്നു നടക്കുന്ന ഉല്പന്നങ്ങളുടെ വൻവിപണനം, കയറ്റുമതി, ദത്തെടുക്കൽ, വിദേശ തൊഴിൽ സാദ്ധ്യതകൾ, വിനോദസഞ്ചാരം, കുടിയേറ്റം എന്നീ മേഖലകളിൽ മനുഷ്യാന്തസ്സ് മാനിക്കപ്പെടുന്നുണ്ടെന്ന് നിയമനിർമ്മാണത്തിലൂടെ രാഷ്ട്രങ്ങൾ ഉറപ്പുവരുത്തേണ്ടതുണ്ട്. അടിസ്ഥാന മനുഷ്യാവകാശങ്ങൾ മാനിക്കപ്പെടുവാനും നിഷേധിക്കപ്പെട്ടവ വീണ്ടെടുക്കുവാനും നീതിനിഷ്ഠമായ നിയമസംവിധാനങ്ങൾ അനിവാര്യമാണ്.



Modern slavery thrives also under the mask of tourism



അങ്ങനെയുള്ള നിയമസംഹിതയിലൂടെ മാത്രമേ വ്യക്തികളുടെ സുരക്ഷ ഉറപ്പുവരുത്തുവാനും, ഇരകളായവരെ പുനഃരധിവസിപ്പിക്കുവാനും ഫലപ്രദമായ മാർഗ്ഗങ്ങൾ ഉപയോഗിച്ച് അഴിമതിയും അധർമ്മവും, സമൂഹത്തിൽ ഇല്ലാതാക്കുവാനും സാധിക്കുകയുള്ളൂ. അതുപോലെ സാമൂഹ്യ സമ്പർക്ക മാധ്യമങ്ങൾ ഉൾപ്പെടെയുള്ള സാംസ്ക്കാരിക മേഖലകളുടെ എല്ലാ തലങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തവും ഇക്കാര്യത്തിൽ സുരക്ഷയും സമഗ്രതയും വളർത്തുവാൻ സഹായകമായിരിക്കും. ഐകദാർഢ്യത്തിന്റെ ആദർശം മുറുകെപ്പിടിച്ചുകൊണ്ട് ആഗോളതലത്തിൽ നടമാടുന്ന മനുഷ്യക്കടത്തിന്റെയും, അനധികൃത കുടിയേറ്റ പ്രക്രിയയുടെയും, സംഘടിതമായ അധർമ്മത്തിന്റെയും നവമായ *ശൃംഖലയെ* ചെറുക്കുവാനുള്ള നടപടികളുമായി രാജ്യാന്തര സംഘടനകൾ സഹകരിക്കേണ്ടതാണ്. ദേശീയവും അന്തർദേശീയവുമായ പൊതുമേഖല സ്ഥാപനങ്ങളുടെയും സ്വകാര്യ പ്രസ്ഥാനങ്ങളുടെയും സാമ്പത്തിക സംവിധാനങ്ങളുടെയും വിവിധ തലങ്ങളിലുള്ള സഹകരണവും ഇക്കാര്യത്തിൽ ഉണ്ടായിരിക്കണം.

Tourism opens links for trafficking




അടിമത്വസംസ്ക്കാരം പിഴുതെറിയുവാൻ തക്കവിധം സാമൂഹ്യ മനഃസാക്ഷിയെ ഉണർത്തുവാനും, അതിന് ഉചിതമായ മാർഗ്ഗങ്ങൾ സ്വീകരിക്കുവാനും പരിഷ്കൃത സമൂഹത്തിലെ എല്ലാ സാമൂഹ്യ സംഘടനകൾക്കും അവരുടേതായ ഉത്തരവാദിത്വമുണ്ടെന്ന് പാപ്പാ അനുസ്മരിപ്പിക്കുന്നു. മനുഷ്യക്കടത്തിന് ഇരയാകുന്നവരും വിമോചനത്തിന്റെ പാതയിൽ അവരെ പിൻതുണയ്ക്കുന്ന സമൂഹ്യ സ്ഥാപനങ്ങളും പങ്കുവയ്ക്കുന്ന പീഡിതരുടെ കദനകഥകൾക്ക് കാതോർത്തുകൊണ്ട് മനുഷ്യക്കടത്തെന്ന സാമൂഹ്യ തിന്മയിൽനിന്നും ശാപമോക്ഷം നേടുവാൻ ആവശ്യമായ സഹകരണവും പിൻതുണയും നല്കുന്നതിന് അന്താരാഷ്ട്ര സമൂഹത്തോട് വത്തിക്കാൻ നിരന്തരമായി അഭ്യർത്ഥിക്കുന്നുണ്ട്. അടിമത്വത്തിന്റെ നവരൂപമായ മനുഷ്യക്കടത്തെന്ന പ്രതിഭാസത്തിലേയ്ക്ക് വെളിച്ചം വീശുന്നതിനും, അത് ഇല്ലായ്മ ചെയ്യുന്നതിനും, ഇരകളായവർക്കുവേണ്ടി പ്രവർത്തിക്കുന്ന സഭാപ്രസ്ഥാനങ്ങളുടെ പ്രതിനിധികളും, യൂണിവേഴ്സിറ്റികളിലെ വിദഗ്ദ്ധർ, രാജ്യാന്തര സംഘടനകൾ, ഉന്നതതല പൊലീസ് സംഘടനകൾ, പ്രവാസികളുടെ മാതൃരാജ്യങ്ങൾ, പ്രയാണത്തിനിടയിലെ ഇടത്താവള രാജ്യങ്ങൾ, പ്രവാസി അഭയം കണ്ടെത്തുന്ന ആതിഥേയ രാഷ്ട്രങ്ങൾ എന്നിവയുമായി ചർച്ചകളും സംവാദങ്ങളും നടക്കുന്നുണ്ട്. വരും വർഷങ്ങളിൽ ഈ പരിശ്രമങ്ങൾ ഊർജ്ജിതപ്പെടും എന്നുതന്നെയാണ് എന്റെ പ്രത്യാശ.

### 7. അടിമത്വമല്ല സാഹോദര്യം ആഗോളവത്ക്കരിക്കപ്പെടണം

മനുഷ്യവ്യക്തിയെന്ന സത്യത്തെ നിച്ചുകൊണ്ടുള്ള സുവിശേഷ പ്രഘോഷണ പ്രക്രിയയിലാണ് സഭ ഉപവിപ്രവർത്തനങ്ങളിൽ നിരന്തരം വ്യാപൃതയാകുന്നത്. മനുഷ്യരോടുള്ള സമീപനത്തിലും വീക്ഷണത്തിലും സോദരത്വേനയുള്ള കാഴ്ചപ്പാടുമായി അനുരജ്ഞനത്തിന്റെ പാത സ്വീകരിക്കുവാനുള്ള ഉത്തരവാദിത്വമാണ് സഭയ്ക്കുള്ളത്. മാനവകുടുംബത്തിലെ ഓരോ വ്യക്തിയെയും സഹോദരനും സഹോദരിയുമായി കണ്ടുകൊണ്ടും, സത്യത്തിലും സ്വാതന്ത്ര്യത്തിലുമുള്ള അവരുടെ മൗലികമായ അന്തസ്സ് മാനിച്ചുകൊണ്ടുമാണ് അനുരഞ്ജനത്തിന്റെ പാത സഭ അവർക്ക് കാണിച്ചുകൊടുക്കേണ്ടത്.

ആഫ്രിക്കൻ രാജ്യമായ സുഡാനിൽ അടിമക്കച്ചവടക്കാർ തട്ടിക്കൊണ്ടു പോവുകയും, പിന്നെയും വേറെ മുതലാളിമാർക്ക് മറിച്ച് വില്ക്കുകയും, ക്രൂരമായ പീഡനങ്ങൾക്ക് വിധേയയാക്കപ്പെടുകയും ചെയ്ത ജോസഫീൻ ബക്കിത്ത എന്ന യുവതി പിന്നീട് വിശുദ്ധയായത് ചരിത്രമാണ്.




Slave become Saint – St. Josephine Bakhita



International Conference to combat human trafficking 9, 10 April 2014 Vatican
Organised by the Episcopal Conference of England and Wales . Pope Francis and Archbishop Vincent Nicols of Westminister and the official national heads

ബക്കിത്തയുടെ ജീവിതം മനുഷ്യക്കടത്തിന്റെ പശ്ചാത്തലത്തിലെ സഭാവീക്ഷണം വെളിപ്പെടുത്തുന്നുണ്ട്. അവള്‍ അനുഭവിച്ച അടിമത്വത്തിന്റെ വേദനയിലും പരിത്യക്താവസ്ഥയിലും രൂഢമൂലമായ വിശ്വാസത്തോടെ ‘ദൈവത്തിന്റെ സ്വതന്ത്രപുത്രി’യായി. മറ്റുള്ളവര്‍ക്കായി, വിശിഷ്യാ പാവങ്ങള്‍ക്കും നിസ്സഹായര്‍ക്കുമായി സന്ന്യാസത്തിലൂടെ സ്വയം സമര്‍പ്പിച്ചുകൊണ്ടാണ് ബക്കിത്ത വിശുദ്ധിയുടെ പടവുകള്‍ കയറിയത്. 20-ാം നൂറ്റാണ്ടിന്റെ അന്ത്യത്തില്‍ ജീവിച്ചവള്‍ ബക്കിത്ത മനുഷ്യക്കടത്തിന് ഇരയായവര്‍ക്ക് പ്രത്യാശയുടെ വെളിച്ചമാണ്. അതുപോലെ സമകാലീന സമൂഹത്തില്‍ വിങ്ങിനില്കുന്ന അധര്‍മ്മത്തിന്റെ മുറിവും ക്രിസ്തുവിന്റെ മൗതികദേഹത്തിലെ ക്ഷതവും സൗഖ്യപ്പെടുത്തുവാനുള്ള മാനുഷികമായ നമ്മുടെ എളിയ പരിശ്രമങ്ങളുടെ മദ്ധ്യസ്ഥയും പ്രചോദകയുമാണ് വിശുദ്ധ ബക്കിത്താ.

ഇതിന്റെയെല്ലാം വെളിച്ചത്തില്‍, നമ്മുടെ ഓരോരുത്തരുടെയും കഴിവിനും ഉത്തരവാദിത്വത്തിനും അനുസൃതമായി മനുഷ്യക്കടത്തിന്റെ അടിമത്വത്തില്‍ കഴിയുന്നവരോട് സാഹോദര്യത്തിന്റെ പ്രായോഗിക കാഴ്ചപ്പാടും സമീപനവും പ്രകടമാക്കണമെന്ന് പാപ്പാ അഭ്യര്‍ത്ഥിക്കുന്നു. ഇരകളായവരെ അനുദിനജീവിതത്തില്‍ അഭിമുഖീകരിക്കുകയോ ബന്ധപ്പെടുകയോ ചെയ്യുമ്പോള്‍, അല്ലെങ്കില്‍ ഏതെങ്കിലും തരത്തിലുള്ള ചൂഷണത്തിന്റെ സൃഷ്ടിയായ ഉല്പന്നങ്ങള്‍ തിരഞ്ഞെടുക്കുവാന്‍ നിര്‍ബന്ധിതരാകുമ്പോള്‍, വ്യക്തിപരമായും സാമൂഹ്യതലത്തിലും നമുക്കതൊരു വെല്ലുവിളിയായി തോന്നേണ്ടതാണ്.



അനുദിന ജീവൽപ്രശ്നങ്ങളുടെ വ്യഥയിൽ വളരുന്ന സാമൂഹ്യചുറ്റുപാടിലെ നിസംഗ ഭാവംമൂലം തിന്മകൾ കണ്ടില്ലെന്നു നടിക്കുകയാണ് ചിലർക്ക് എളുപ്പം. എന്നാൽ മറ്റുചിലർക്ക് സാമൂഹ്യ സംഘടനകളിൽ പ്രവർത്തിച്ചുകൊണ്ട് വേദിനിക്കുന്നവരോട് അനുഭാവം പ്രകടിപ്പിക്കുവാനും, സാധിക്കുന്ന വിധത്തിൽ അവരെ വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ തുണയ്ക്കുവാനും സാധിക്കുന്നുണ്ട്. ഇതുവഴി നമുക്കൊന്നും നഷ്ടപ്പെടുന്നില്ലെങ്കിലും, ലക്ഷ്യബോധം നഷ്ടപ്പെട്ട വ്യക്തികളുടെ ജീവിതത്തിൽ മാറ്റങ്ങൾ സൃഷ്ടിക്കുവാനും, പ്രത്യാശയുടെ പാത തുറക്കുവാനും ഇടയാകും. ഒപ്പം അത് നമ്മുടെ ജീവിതത്തെ ക്രിയാത്മകമായി സ്പർശിക്കുകയും ചെയ്യും.



Global fraternity can fight global slavery


Pope Francis accompanied by Archbishop George Ganswein
Prefect of the Pontifical House

തിന്മയുടെ പ്രതിഭാസത്തെ ചെറുക്കുവാൻ ഉതകുന്ന ആനുപാതികമായ ധാർമ്മിക പ്രേരകശക്തി നമുക്കിന്ന് ആവശ്യമാണ്. അതിനാൽ നവമായ മാനുഷിക അടിമതത്വത്തിന്റെ കറുത്തമുഖം കണ്ടിട്ടുള്ള സന്മനസ്സുള്ള സകലരോടും, ഉന്നതതല സാമൂഹ്യസ്ഥാപനങ്ങളോടും ഈ തിന്മയുടെ കൂട്ടാളികളാകരുതെന്നും, അതിന് കീഴ്പ്പെട്ട് തങ്ങളുടെ അന്തസ്സും സ്വാതന്ത്ര്യവും നഷ്ടപ്പെട്ട സഹോദരങ്ങളുടെ യാതനകളിൽനിന്നും ഒഴിഞ്ഞുമാറരുതെന്നും അഭ്യർത്ഥിക്കുന്നു. ക്രിസ്തു തന്റെ മുഖം വെളിപ്പെടുത്തുന്ന ഈ എളിയവരുടെ വിമോചനത്തിനായി നാം ചെയ്യുന്നതെല്ലാം അവിടുത്തെ മൗതിക ദേഹത്തിന്റെ മുറിപ്പാടുകൾ സൗഖ്യപ്പെടുത്തുകതന്നെ ചെയ്യും (മത്തായി 25, 40-45).

ദൈവം നമ്മോടു ചോദിക്കും, ‘നിന്റെ സഹോദരനോട് എന്താണു ചെയ്തത്?’ (ഉല്പത്തി 4, 9-10). സഹോദരങ്ങളുടെ ജീവിതം ക്ലേശകരമാക്കുന്ന വിധത്തിൽ ഇന്ന് ആഗോളീകൃതമായിരിക്കുന്ന നിസംഗതയ്ക്കെതിരെ ഐക്യദാർഢ്യവും സഹാനുഭാവവും പ്രകടമാക്കികൊണ്ട് അടിമകളാക്കപ്പെട്ട സഹോദരങ്ങൾക്ക് നവമായ പ്രത്യാശ പകർന്ന്, പ്രതിസന്ധികളിൽ അവരെ കൈപിടിച്ച് ഉയർത്തുകയും, ദൈവം കാണിച്ചു തരുന്ന പുതിയ ജീവിത ചക്രവാളത്തിലേയ്ക്ക് അവരെ നയിക്കുകയും ചെയ്യാം!

**+ പാപ്പാ ഫ്രാൻസിസ്**
ലോകസമാധാന സന്ദേശം - 2015

# ദൈവികകാരുണ്യത്തിന്റെ വിശുദ്ധവത്സരം

ദൈവികകാരുണ്യത്തിന്റെ സാക്ഷ്യമേകുവാനുള്ള വലിയ സാദ്ധ്യത സഭയ്ക്കുണ്ട് എന്നു പ്രസ്താവിച്ചുകൊണ്ട് മാർച്ച് 13-ാം തിയതി വെള്ളിയാഴ്ച പാപ്പാ ഫ്രാൻസിസ് അതിനതരസാധാരണമായ വിശുദ്ധവത്സരം പ്രഖ്യാപിച്ചു. വത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കയിൽ നടന്ന അനുതാപ ശുശ്രൂഷയ്ക്കു നല്കിയ പ്രഭാഷണത്തിന്റെ അന്ത്യത്തിലാണ് ദൈവിക കാരുണ്യത്തിന്റെ വിശുദ്ധവത്സരം പാപ്പാ പ്രഖ്യാപിച്ചത്. വിശുദ്ധവത്സരം അല്ലെങ്കിൽ ജൂബിലി വർഷം അനുപതാപത്തിൽനിന്നും ഉതിർക്കൊള്ളുന്ന ആത്മീയ യാത്രയാണ്. അതിനാൽ ദൈവം തരുന്ന ഈ പ്രത്യേക പ്രചോദനം ഉൾക്കൊണ്ട് 'ദൈവിക കാരുണ്യത്തിന്റെ വിശുദ്ധവത്സരം (Extraordinary Jubilee of Divine Mercy) പ്രഖ്യാപിക്കുന്നുവെന്ന് പാപ്പാ പ്രസ്താവിച്ചു. ദൈവത്തിന്റെ അനന്തമായ കാരുണ്യത്തെ കേന്ദ്രീകരിച്ചാണ് ഈ ജൂബിലി ആചരണം. ഇത് കാരുണ്യത്തിന്റെ വർഷമായിരിക്കട്ടെ. 'ദൈവം കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ' (ലൂക്ക 6, 32) എന്ന ക്രിസ്തുവിന്റെ വചനപ്രഭയിൽ ജൂബിലി ആഘോഷിക്കാം!

**2015 ഡിസംബർ 8-ാം തിയതി ദൈവമാതാവിന്റെ അമലോത്ഭവത്തിരുനാൾ മുതൽ 2016 നവംബർ 20-ന് ദൈവിക കാരുണ്യത്തിന്റെ സജീവ ദർശനമായ ക്രിസ്തുരാജന്റെ തിരുനാൾവരെയാണ് വിശുദ്ധവത്സരം**




The declaration of the Extraordinary Holy Year in St. Peter's Basilica on 13 March 2015

ദൈവിക കാരുണ്യത്തിന്റെ സുവിശേഷം ആനുകാലിക ലോകത്ത് നവമായി പ്രഘോഷിക്കുവാൻ, വിശുദ്ധവത്സരവുമായി ബന്ധപ്പെട്ട പരിപാടികൾ ആസൂത്രണം ചെയ്യുന്നതിന്റെ ഉത്തരവാദിത്തം നവസുവിശേഷവത്ക്കരണത്തിനായുള്ള പൊന്തിഫിക്കൽ കൗൺസിലിനെ (Pontifical Council for New Evangelization) പാപ്പാ

ഏല്പിക്കുകയുണ്ടായി. ജൂബിലിയുടെ ആനന്ദത്തികവിൽ സഭ മുഴുവനും ദൈവിക കാരുണ്യം അനുഭവിക്കുവാനും അതിലേയ്ക്ക് തിരിച്ചുവരുവാനും, അങ്ങനെ അതിന്റെ ഫലങ്ങൾ ഏവരും സ്വീകരിക്കുവാനും ഇടയാവട്ടെ. കാരുണ്യത്തിന്റെ അമ്മയായ പരിശുദ്ധ കന്യകാനാഥ ഈ ഉദ്യമത്തിന്റെ പാത

തെളിക്കട്ടെ, നമ്മെ നയിക്കട്ടെ! പ്രഖ്യാപനവേളയിൽ പാപ്പാ ഇങ്ങനെ ആശംസിക്കുകയും ചെയ്തു.



St. John Paul II at the opening of Jubulee 2000

St. John Paul II on knees at the *Sancta Porta*



## വിശുദ്ധവത്സരവും വിശുദ്ധകവാടവും

പാപ്പാ ഫ്രാൻസിസ് പ്രഖ്യാപിച്ച അനിതരസാധാരണമായ വിശുദ്ധ വത്സരവുമായി ബന്ധപ്പെട്ട ചരിത്ര ഘടകമാണ് “Porta Sancta” എന്ന് ലത്തീൻ ഭാഷയിൽ വിളിക്കപ്പെടുന്ന വത്തിക്കാനിലെ ‘വിശുദ്ധ കവാടം’. പത്രോസ്ലീഹായുടെ ബസിലിക്കയുടെ വടക്കെ അറ്റത്തെ വലിയ വാതിലാണ് ഇന്ന് വിശുദ്ധകവാടം. പാപ്പായുടെ അധീനതിയിലുള്ളതെന്ന് വിശേഷിപ്പിക്കപ്പെടുന്ന വിശുദ്ധകവാടം ചരിത്രത്തിലെ പ്രത്യേക ജൂബിലി വർഷങ്ങളിൽ മാത്രമാണ് തുറക്കപ്പെടുന്നത്. ഒടുവിലായി 16 വർഷം മുൻപ് 2000-ാമാണ്ട് ക്രിസ്തുജയന്തി മഹാജൂബിലിയോട് അനുബന്ധിച്ച് വിശുദ്ധനായ ജോൺ പോൾ രണ്ടാമൻ പാപ്പായാണ് വത്തിക്കാനിലെ വിശുദ്ധകവാടം തുറന്നതും ജൂബിലിയുടെ അന്ത്യത്തിൽ അടച്ചതും.



രണ്ടരക്കോടി തീർത്ഥാടകരാണ് ജൂബിലിനാളിൽ വിശുദ്ധകവാടത്തിലൂടെ പത്രോസ്ലീഹായുടെ നാമത്തിലുള്ള ബസിലിക്കയിൽ പ്രവേശിച്ച് ദണ്ഡവിമോചനം പ്രാപിച്ചത്.
600 വർഷത്തിനുമുൻപ് ബോണിഫസ് 8-ാമാൻ പാപ്പായുടെ കാലം മുതൽ ആരംഭിച്ച വിശുദ്ധ കവാടത്തിന്റെ നീണ്ട ചരിത്രത്തിൽ 26 തവണ സാധാരണ ജൂബിലി വർഷങ്ങളോടനുബന്ധിച്ചും മറ്റുചിലപ്പോൾ പ്രത്യേക ജൂബിലി അവസരങ്ങളിലും വിശുദ്ധകവാടം തീർത്ഥാടകർക്കായ് തുറക്കപ്പെട്ടിട്ടുണ്ട്.
ക്രിസ്തുവാകുന്ന വാതിലിലൂടെ പ്രവേശിച്ച് പാപത്തിൽനിന്നും വിമോചിതരായി ദൈവകൃപയിലൂടെ മോക്ഷം നേടാനുള്ള ക്ഷണമാണ് വിശുദ്ധ കവാടം സൂചിപ്പിക്കുന്നത്.
വിശുദ്ധകവാടം ആദ്യം നിർമ്മിക്കപ്പെട്ടത് വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിലല്ല മറിച്ച് പാപ്പായുടെ റോമിലെ ഭദ്രാസനമായ ലാറ്ററൻ ബസിലിക്കയിലായിരുന്നു.
1499-ൽ റോമിലെ മറ്റ് മൂന്ന് പ്രധാന ബസിലിക്കകളിലും ജൂബിലി വാതായനങ്ങൾ നിർമ്മിക്കപ്പെട്ടു.

The Holy Door of St. Peter's Basilica  with 16 platents depicting highlights of the Salvific story



The fall



Mary's faith




The  Annunciation

വിശുദ്ധവത്സര കവാടം, പുരാതനമായും ലോഹകവചിതമായ വാതിൽപ്പാളികൾക്കു പുറമേ ഉള്ളിൽ ഭിത്തി കെട്ടി അടച്ചിട്ടുള്ളതമാണ്. ജൂബിലി കഴിയുമ്പോൾ വിശുദ്ധകവാടം അടയ്ക്കുന്നതിനൊപ്പം, പുറകിൽ മതിലുകെട്ടി അടയ്ക്കുകയും ചെയ്യാറുണ്ട്. 1500 മുതൽ 1975-വരെയുള്ള കാലഘട്ടത്തിലെ പതിവ് പ്രകാരം ജുബിലി വർഷാരംഭത്തിൽ വത്തിക്കാനിലെ കവാടം തുറക്കുന്നതിന് ആദ്യം അതിൽ തല്ക്കാലമായി കെട്ടിയിട്ടുള്ള മതിൽ പൊളിക്കുന്നതിനുള്ള ആജ്ഞയായി ചുറ്റിക ഉപയോഗിച്ച് 3 പ്രാവശ്യം പാപ്പാ കവാടത്തിൽ മുട്ടുന്നു. തുടർന്ന് മതിൽ പൊളിച്ചു മാറ്റുകയും, പാപ്പാ വാതിൽപ്പാളികൾ തള്ളിത്തുക്കുകയും ചെയ്യുന്നു. പൊളിച്ചിട്ട അവശിഷ്ടങ്ങൾ പൂജ്യവസ്തുക്കളായി കരുതി വിശ്വാസികൾ വീടുകളിലേക്ക് കൊണ്ടുപോകുന്നതും പഴയ പതിവാണ്. 1974-ലെ ചടങ്ങുകൾക്കിടയിൽ പോൾ ആറാമൻ പാപ്പായുടെ സമീപത്തേയ്ക്ക് ചെറിയൊരു മതിൽപ്പാളി തെറിച്ചു വീണത് ആശങ്കകൾക്ക് ഇടയാക്കി. പിന്നെ 1975-നുശേഷം മതിൽ പൊളിക്കുന്ന പതിവ് ഉപേക്ഷിച്ച് 16 ചെറുപാളികൾ ചേർത്തുണ്ടാക്കിയ കലാചാതുരിയുള്ളതും രക്ഷകര രഹസ്യങ്ങൾ ചിത്രണം ചെയ്തതുമായ വെങ്കല വാതിൽപ്പാളികൾ തീർക്കുകയുണ്ടായി.

ജൂബിലി വർഷാചരണത്തിന്റെ ഒടുവിൽ കവാടം അടയ്ക്കുമ്പോൾ ചുമരിനോടു ചേർത്ത് ജൂബിലിയുടെ പ്രമാണരേഖകളും ജൂബിലി നാണയങ്ങളും ചേർത്തുവയ്ക്കുന്ന പതിവ് ആദ്യകാലം മുതൽ ഉണ്ടെങ്കിലും 1575 മുതൽ ഈ പതിവിനും മാറ്റം വന്നു.



The Holy Door at the Northern extreme of St. Peter’s Basilica




Pope Francis at the declaration of the Holy Year in St. Peter’s Basilica
During the Reconciliation Service on 13th March 2015.

Christ yesterday, today and always

ജൂബിലിയുടെ രേഖകളും സ്മാരക നാണയങ്ങളും ലോഹപ്പെട്ടിയിലാക്കി മതിലിനോട് ചേർത്ത് സിമന്റ് ചെയ്യുന്ന പതിവിന് തുടക്കമായി. വത്തിക്കാനിലെ വിശുദ്ധവാതിൽ മാത്രമാണ് പാപ്പാ തുറക്കുകയും അതിലൂടെ ആദ്യം പ്രവേശിക്കുകയും ചെയ്യുന്നത്. നിർദ്ദിഷ്ട കർദ്ദിനാളന്മാരാണ് റോമിലെ മറ്റു മൂന്ന് ബസിലിക്കകളിലുള്ള വിശുദ്ധവത്സര കവാടങ്ങൾ തത്സമയം വിശ്വാസികൾക്കായി തുറന്നുകൊടുക്കുന്നത്.

എന്നാൽ 2000-◌ാ◌ം ആണ്ടിലെ മഹാജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വിശുദ്ധനായ ജോൺപോൾ രണ്ടാമൻ പാപ്പാ തന്നെയാണ് റോമിലെ 3 ബസിലിക്കകളിലേയും വിശുദ്ധകവാടങ്ങൾ തുറന്നുകൊടുത്തത്. റോമൻ ചുവരിനു പുറത്തുള്ള വിശുദ്ധ പൌലോസിന്റെ ബസിലിക്കയിലെ ജൂബിലി കവാടം കാന്റർബറിയിലെ ആംഗ്ളിക്കൻ ആർച്ച്ബിഷപ്പും കിഴക്കിന്റെ എക്യുമെനിക്കൽ പത്രീയാർക്കീസിന്റെ പ്രതിനിധിയും ചേർന്നാണ് തുറന്നത്.

Vatican Radio Malayalam Weblink :
http://ml.radiovaticana.va/news/2015/03/18